യുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ പുളിങ്കുന്നിലും മഹാത്മാഗാന്ധി സർവകലാ ശാലയുടെ കീഴിൽ തൊടുപുഴ എഞ്ചിനീയറിംഗ് കോളേജും ആരംഭിച്ചിട്ടുണ്ട്.

(ഇ) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ട ജില്ലയിൽ കല്ലു പാറയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടുണ്ട്. പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു കഴിഞ്ഞു.

13 (*103) സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപകർ

ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി വിഭാഗത്തിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ അദ്ധ്യാപകർ നിയമിക്കപ്പെടുമ്പോൾ അവർക്ക് നിശ്ചയിച്ചി രുന്ന യോഗ്യത എന്തായിരുന്നു;

(സി) നിയമനം ലഭിച്ച അദ്ധ്യാപകർ വീണ്ടും യോഗ്യതാപരീക്ഷ എഴു തണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) 1995-96 അക്കാദമിക് വർഷത്തിനുശേഷം ഹയർ സെക്കന്ററി നിയമനം നേടിയ അദ്ധ്യാപകർ യോഗ്യതാ പരീക്ഷ എഴുതണമെന്നും അതിനു മുമ്പുള്ളവർ എഴുതണ്ടാ എന്നും തീരുമാനിക്കാനുള്ള കാരണം എന്താണ്;

(ഇ) 1995-96 വരെ ഹയർ സെക്കന്ററി വിഭാഗത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം എത്ര;

(എഫ്) മിനിമം യോഗ്യത നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മാനേജുമെന്റുകൾ നിയമിച്ച അദ്ധ്യാപകർ വീണ്ടും ഒരു യോഗ്യതാ പരീക്ഷ നടത്തുന്നത് മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള ഇടപെട ലാണോ;

(ജി) യോഗ്യതാ പരീക്ഷ ഏർപ്പെടുത്തുന്നതിൽ മാനേജുമെന്റോ അദ്ധ്യാപകരോ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളി പ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സർക്കാർ മേഖലയിൽ 2869-ഉം സ്വകാര്യ മേഖലയിൽ 3491-ഉം ഉൾപ്പെടെ 6360 അദ്ധ്യാപകർ ഹയർ സെക്കന്ററി വിഭാഗത്തിൽ ജോലി നോക്കു ന്നുണ്ട്.

(ബി) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനിയമനത്തിന് 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും ബി. എഡുമാണ് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിരുന്നത്. എന്നാൽ ചില വിഷയങ്ങളിൽ ബി.എഡ്. ബിരുദധാരികൾ ആവശ്യത്തിന് ലഭ്യമല്ലാത്തതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ നിയമന തീയതി മുതൽ മൂന്നു വർഷത്തിനകം ബി.എഡ്. ബിരുദം എടുത്തുകൊള്ളണമെന്ന നിബന്ധനയ്ക്കു വിധേയമായി നിയമനം നടത്താവുന്നതാണ്. ഇതിന് പി.എച്ച്.ഡി., എം.എഫിൽ, ജെ.ആർ.എഫ്, എൻ.ഇ.റ്റി. ബിരുദമുള്ളവർക്കും ഇതേ വ്യവസ്ഥയിൽ നിയമനം നൽകാവുന്നതാണ്.

(സി) 1995-96 അദ്ധ്യയനവർഷത്തിന് ശേഷം നിയമനം ലഭിച്ച അദ്ധ്യാപകർ എൻ.ഇ.റ്റി, വിജയിക്കണമെന്ന് 30.12.99-ലെ ജി.ഒ. (എം.എസ്.) 341/99/പൊ.വി. ഉത്തരവിൽ നിഷ്ക്കർഷിക്കുന്നുണ്ട്. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനാണ് യോഗ്യതാ പരീക്ഷ നിർബന്ധമാക്കിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(ഡി) 1996-ന് ശേഷമാണ് പ്രീഡിഗ്രി വേർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലസ് ടൂ കേരളത്തിൽ വ്യാപകമായി നടപ്പിലാക്കാൻ തുടങ്ങിയത്. അതുകൊണ്ടാണ് 1995-96-ന് ശേഷം ഹയർ സെക്കന്ററി നിയമനം നേടിയ അദ്ധ്യാപകർ യോഗ്യതാ പരീക്ഷ എഴുതണമെന്ന് നിഷ്ക്കർഷിക്കാൻ ഇടയായത്.

(ഇ) സർക്കാർ മേഖലയിൽ 368-ഉം സ്വകാര്യ മേഖലയിൽ 282-ഉം അദ്ധ്യാപകരുണ്ട്.

(എഫ്) അത്തരത്തിലൊരു നിബന്ധന ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് നിശ്ചയിച്ചിട്ടുള്ളത്. മാനേജുമെന്റുകളുടെ അവകാശത്തിന്മേലുള്ള ഇടപെടലല്ല, ഗവ. നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്കനുസരിച്ച് മാനേജുമെന്റിനും നിയമനം നടത്താനാവുകയുള്ളൂ.

(ജി) ഉണ്ട്. ഇതുസംബന്ധിച്ച് ചില ഹർജികൾ ബഹു. ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

14 (*104) മുരാരി കമ്മിറ്റിയുടെ ശുപാർശകൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുരാരി കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശുപാർശകൾ നടപ്പാക്കുന്നത് കേന്ദ്ര ഗവൺമെന്റ് നിർത്തിവച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഫലമായി മത്സ്യരംഗത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മുരാരി കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. താഴെ ആഴകടൽമത്സ്യ ബന്ധനത്തിന് വിദേശ കപ്പലുകൾക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly